67 (643) പത്തുലക്ഷത്തിലധികം രൂപയ്ക്കുള്ള റവന്യൂ റിക്കവറി കേസുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് പത്ത് ലക്ഷത്തിലധികം വരുന്ന തുക ലഭിക്കേണ്ടതിലേയ്ക്ക് റവന്യൂ റിക്കവറി നടത്തേണ്ട എത്ര കേസ്സുകൾ ഏതൊക്കെ ജില്ലയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര കേസുകൾക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്;

(സി) ഉയർന്ന തുകയ്ക്കുള്ള റവന്യൂ റിക്കവറി കേസുകളിൽ സ്റ്റേ നൽകാതെ കുറഞ്ഞ തുകയ്ക്കുള്ള റവന്യൂ റിക്കവറികളിൻമേൽ സ്റ്റേ നൽകാനും കൂടുതൽ തവണകളനുവദിക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14 ജില്ലകളിലുമായി മൊത്തം 852 കേസുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ബി) 600 കേസുകൾക്ക് തുക തവണകളായി അടയയ്ക്കാൻ അനുവദിച്ചിട്ടുണ്ട്.

(സി) ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് സ്റ്റേയും തവണയും അനുവദിക്കുന്നത്. സ്വയംതൊഴിൽ പദ്ധതി പ്രകാരമുള്ള വായ്പയുടെ കുടിശ്ശികകൾക്ക് താരതമ്യേന കൂടുതൽ തവണകൾ അനുവദിക്കാറുണ്ട്.

68 (644) ലാന്റ് ട്രിബ്യൂണലുകളിൽ തീരുമാനമാകാത്ത കേസ്സുകൾ

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ ലാന്റ് ട്രിബ്യൂണലുകളിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം എത്ര കേസ്സുകളിൽ തീരുമാനമായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് ആകെ 24933 കേസുകൾ, സംസ്ഥാനത്ത് നിലവിലുള്ള വിവിധ ലാന്റ് ട്രൈബ്യൂണലുകളിലായി തീർപ്പാക്കുന്നതിനായി ബാക്കിയുണ്ട്.

(ബി) പ്രസ്തുത കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly